(ബി) സ്കൂൾ കൗൺസിലർമാരെ തികച്ചും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. ഇപ്രകാരം സേവനം നൽകുന്നതിന് സ്ഥിരം ജീവനക്കാർ ആവശ്യമില്ലാത്തതിനാലും ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് കനത്ത സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുമെന്നതിനാലും ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണനയിലില്ല.

**നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികൾക്ക് കെട്ടിടം**

**304 (1678)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ അങ്കണ വാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എതൊക്കെ അംഗൻവാടികളാണ് ഇതിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 506 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ഉൾപ്പെടുത്തി നിർമ്മാണം അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലയിൽനിന്നും താഴെപ്പറയുന്ന 8 അങ്കണവാടികളുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട് :

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|
| പരപ്പ | ഈസ്റ്റ് എളേറി | 26, 27, 25 |
| കാസർഗോഡ് | മാളർ | 78, 68 |
| കാഞ്ഞങ്ങാട് | മടിക്കൈ | 10, 11, 12 |

**സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**305 (1679)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻമുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly